File No.TRANS-B2/224/2020-TRANS

e-164517/2

TRANSPORT COMMISSIONERATE
KERALA
17 DEC 2020

"ഭരണഭാഷ- മാതൃഭാഷ"

CA

കേരള സർക്കാർ

ഗതാഗത (ബി) വകുപ്പ്

നമ്പർ.ബി2/224/2020-ഗതാ.

16/12/2020,തിരുവനന്തപുരം

പ്രിൻസിപ്പൽ സെക്രട്ടറി

ഗതാഗത കമ്മീഷണർ
തിരുവനന്തപുരം

സർ,

വിഷയം:- ഗതാഗത വകുപ്പ്- കോവിഡ് പശ്ചാത്തലത്തിൽ അപേക്ഷകളുടെ കാലതാമസത്തിനു ഏർപ്പെടുത്തിയ അധിക ഫീസ് ഇളവുചെയ്യുന്നതിനുള്ള അനുമതി സംബന്ധിച്ച്.

സൂചന:- താങ്കളുടെ 05.11.2020-ലെ സി4/36/2020-റ്റി.സി. നമ്പർ കത്ത്

സൂചനയിലേക്ക് ശ്രദ്ധ ക്ഷണിക്കുന്നു. പ്രസ്തുത നിർദ്ദേശത്തിൽ, ഇനം 5 ഒഴികെ മറ്റുള്ളവ അംഗീകരിച്ചിരിക്കുന്നു. ആയതു നടപ്പിൽ വരുത്തുന്നതിന് മോട്ടോർ വാഹന നിയമത്തിൽ ആവശ്യമായ ഭേദഗതികൾ വരുത്തുന്നതിനായുള്ള കരട് വിജ്ഞാപനം സമർപ്പിക്കുവാൻ താത്പര്യപ്പെടുന്നു.

ഡ്രൈവിംഗ് ലൈസൻസ് നൽകൽ/പുതുക്കൽ തുടങ്ങി ലൈസൻസുമായി ബന്ധപ്പെട്ട എല്ലാ സേവനങ്ങളും വാഹന രജിസ്ട്രേഷൻ സംബന്ധിച്ച സേവനങ്ങളും 2021 ജനുവരി ഒന്ന് മുതൽ പൂർണ്ണമായും ഓൺലൈനിലേക്ക് മാറ്റേണ്ടതാണ്. നിലവിൽ പോസ്റ്റേജ് സ്റ്റാമ്പ് ഒട്ടിച്ച കവർ ലഭ്യമാക്കണമെന്ന നിബന്ധന ഒഴിവാക്കുന്നത് പൂർണമായ ഓൺലൈൻ സേവനം ഉറപ്പാക്കാൻ അനിവാര്യമാണ്. പോസ്റ്റേജിന് ആവശ്യമായ തുക കൂടി ഓൺലൈനിൽ സ്വീകരിക്കുകയും പ്രസ്തുത തുക ചെലവഴിച്ച് രേഖകൾ അയക്കുകയും ചെയ്യുന്നത് ജനങ്ങൾക്ക് പ്രയോജനകരമാണ്. ആയതിനാൽ പോസ്റ്റേജ് ഓൺലൈൻ ആയി സ്വീകരിച്ച് ചിലവ് ചെയ്യുന്നതിനുള്ള നടപടികൾ മോട്ടോർ വാഹന വകുപ്പ് സ്വീകരിക്കുന്നതിനും കൂടാതെ ഡ്രൈവിംഗ് ലൈസൻസ് പുതുക്കുമ്പോൾ ഓൺലൈനിൽ നൽകുന്ന അപേക്ഷയുടെ പ്രിന്റ് എടുത്ത് കാലാവധി കഴിഞ്ഞ ലൈസൻസ് സഹിതം ഓഫീസിൽ നേരിട്ട് അപേക്ഷയുടെ പകർപ്പ് എത്തിക്കണമെന്ന നിബന്ധന ഒഴിവാക്കേണ്ടതും കാലഹരണപ്പെട്ട ലൈസൻസ് ലൈസെൻസി(Licence holder) തന്നെ സൂക്ഷിക്കാൻ നിർദ്ദേശിക്കേണ്ടതുമാണ്.

വിശ്വസ്തതയോടെ,
BINDU.R.
അണ്ടർ സെക്രട്ടറി
പ്രിൻസിപ്പൽ സെക്രട്ടറിയ്ക്കുവേണ്ടി

അംഗീകാരത്തോടെ

സെക്ഷൻ ഓഫീസർ.